## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4283 — 13.12.2018 ൽ മറുപടിയ്ക്ക്

### സോളാർ പ്ലാന്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. കെ. ശശീന്ദ്രൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കൂടുതൽ സോളാർ പ്ലാന്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കെ.എസ്.ഇ.ബി.എൽ അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം സോളാർ പ്ലാന്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. കെ. എസ്. ഇ. ബി. എൽ. വഴി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>'സൗര' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിൽ നിന്നും ജലാശയങ്ങളുടെ മുകൾ പരപ്പിലും വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ. ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>താഴെപ്പറയുന്ന ജില്ലകളിൽ അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2018-19 ൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| ക്രമ നം. | ജില്ല | സ്ഥലം | സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ എണ്ണം | സ്ഥാപിത ശേഷി (കിലോവാട്ട്) |
|---|---|---|---|---|
| 1 | കോട്ടയം | അക്കരപ്പാടം | 1 | 2 |
| | | വൈക്കം | 1 | 1 |
| 2 | ആലപ്പുഴ | ആര്യാട് | 13 | 44 |
| 3 | കണ്ണൂർ | പിണറായി | 13 | 83 |
| 4 | ഇടുക്കി | നെടുങ്കണ്ടം | 13 | 97 |
| 5 | കാസർഗോഡ് | പീലിക്കോട് | 43 | 122 |

ഇത് ഉൾപ്പെടെ വിവിധ ജില്ലകളിലായി 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ അതാത് സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ബാണാസുര സാഗറിൽ സ്ഥാപിച്ച സോളാർ പ്ലാന്റിൽ നിന്നും എത്ര അളവ് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (ബി) | ബാണാസുരസാഗറിൽ നിലവിൽ 10 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 605 യൂണിറ്റ് വൈദ്യുതി ഒരു മാസം ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ 500 കിലോവാട്ട് ഫ്ലോട്ടിംഗ് സോളാറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

(ഫ)                                                  അനുബന്ധം.

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (കോടി) |
|---|---|---|---|---|
| 1 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം പൂർത്തിയായി. 2018 ഡിസംബറിൽ ഉത്പ്പാദനം തുടങ്ങും | 3.539052 |
| 2 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | 5.125 |
| 3 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | 3.3018 |
| 4 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | 0.7339 |
| 5 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് ഒന്നാംഘട്ടം (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | 1.38584 |
| 6 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി രണ്ടാം ഘട്ടം (2 നം) | 0.021 | 2018-19 ൽ പൂർത്തീകരിക്കും | 0.15 |
| 7 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.0575 | 2018-19 ൽ പൂർത്തീകരിക്കും | 0.40595 |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് രണ്ടാം ഘട്ടം (5 നം) | 0.335 | 2019-20 ൽ പൂർത്തീകരിക്കും | 2.3187 |
| 9 | ജില്ലാ പഞ്ചായത്ത് കൊല്ലം (4 നം) | 0.09 | 2019-20 ൽ പൂർത്തീകരിക്കും | 0.65 |
| 10 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി മൂന്നാം ഘട്ടം (2 നം) | 0.056 | 2019-20 ൽ പൂർത്തീകരിക്കും | 0.152 |
| 11 | ജില്ലാ പഞ്ചായത്ത് കോട്ടയം | 0.022 | 2019-20 ൽ പൂർത്തീകരിക്കും | 0.159 |
| 12 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | 3.75 |
| 13 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | 5.82 |
| 14 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |
| 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | 31.55 |

| | | | | |
|---|---|---|---|---|
| 16 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (5 നം) – രണ്ടാം ഘട്ടം | 0.335 | 2018-19 ൽ പൂർത്തീകരിക്കും | |
| 17 | മെഡിക്കൽ കോളേജ് തിരുവനന്തപുരം | 1.1 | 2018-19 ൽ പൂർത്തീകരിക്കും | |
| 18 | ബ്രഹ്മപുരം, എറണാകുളം | 6.5 | 2019-20 ൽ പൂർത്തീകരിക്കും | |
| 19 | നെന്മാറ | 1.5 | 2019-20 ൽ പൂർത്തീകരിക്കും | 9.69 |
| 20 | കഞ്ചിക്കോട്, പാലക്കാട് | 2 | 2019-20 ൽ പൂർത്തീകരിക്കും | |
| 21 | അഗളി, പാലക്കാട് | 1 | 2019-20 ൽ പൂർത്തീകരിക്കും | |
| | **ആകെ** | 17.7315 | | |

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | |
|---|---|---|---|
| 1 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 50 | ഇതിൽ 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ